KERALA STATE ELECTRICITY BOARD LTD.
(Incorporated under the Indian Companies Act, 1956)
CIN : U40100KL2011SGC027424

Office of the Chief Engineer (HRM), Vydyuthi Bhavanam, Pattom,
Thiruvananthapuram, Kerala - 695004.
Phone No.0471 2448948, FAX No.0471 2441361
Web: www.kseb.in e-mail: cehrm@kseb.in

നം. EB/Gr5 /Addl data/2020-21 തീയതി: 19-01-2021

# നോട്ടീസ്

## എല്ലാ എ ആർ യു മേലധികാരികൾക്കും.

വിഷയം:- പെററി കോൺട്രാക്ട് വർക്കേഴ്സിൽ നിന്ന് മസ്ദൂർ തസ്തികയിലേയ്ക്ക് നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ യോഗ്യത ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് – സംബന്ധിച്ച്

സൂചന- 1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മേഖല ഓഫീസ്, കോഴിക്കോടിൻറെ 23.07.2019 –ലെ ആർ.ഒ.ഡി III(2)/703/17 – നമ്പർ കത്ത്.

2.സിനിയോറിറ്റി ലിസ്റ്റ് നമ്പർ. ആർ.ഒ.ഡി 1 (2)/1171/2017 w.e.f 12.06.2019.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു.

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പെറ്റി കോൺട്രാക്റ്റ് വർക്കേഴ്സിൽ നിന്ന് 1486 ഉദ്യോഗാർത്ഥികളെ മസ്ദൂർ തസ്തികയിലേയ്ക്ക് 063/2017 കാറ്റഗറി നമ്പർ പ്രകാരം നിയമനം നൽകുകയുണ്ടായി. 10.07.2019 -- ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് മേഖല ഓഫീസർ നൽകിയ സീനിയോറിറ്റി ലിസ്റ്റിൽ പ്രസ്തുത ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസയോഗ്യത രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഉദ്യോഗാർത്ഥികളുടെ സർവ്വീസിൽ പ്രവേശിക്കുന്ന സമയത്തുള്ള വിദ്യാഭ്യാസ യോഗ്യത, സർട്ടിഫിക്കറ്റിൻറെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തി സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയതിനു ശേഷം ARU മേലധികാരി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടേയും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയതിൻറെയും പകർപ്പ് മസ്ദൂർ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിനും തുടർ നടപടികൾക്കുമായി ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ൻറെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

മേൽ ജീവനക്കാരുടെ സേവനപുസ്തകമോ ഒറിജിനൽ സർട്ടിഫിക്കറ്റുകളോ ഈ ആവശ്യത്തിനായി ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ലേയ്ക്ക് അയയ്ക്കേണ്ടതില്ല.

**ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം)**